## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 47** | **28/10/2019-ന് മറുപടിക്ക്**

## പി.എസ്.സി പരീക്ഷകൾ മലയാളത്തിലാക്കുവാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ആർ.രാമചന്ദ്രൻ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ.വി.ആർ.സുനിൽകുമാർ :** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) | ഭാഷ അടിസ്ഥാനത്തിൽ രൂപവത്ക്കരിക്കപ്പെട്ട സംസ്ഥാനങ്ങളിൽ, ഇന്ത്യയിൽ ഒരേ ഭാഷ ഏറ്റവും അധികം ശതമാനം ജനങ്ങൾ ഉപയോഗിക്കുന്ന സംസ്ഥാനം എന്ന നിലയിൽ മലയാളത്തിന് അർഹമായ പ്രാതിനിധ്യം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/ പൊതുമേഖല/ സഹകരണ/ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും **2017 മെയ്-1** മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.<br>ഔദ്യോഗികരംഗത്തെ മാതൃഭാഷാ ഉപയോഗം പരിപോഷിപ്പിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് കർമ്മപരിപാടി രൂപപ്പെടുത്തി നടപ്പിലാക്കാൻ എല്ലാവകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഭരണ രംഗത്ത് മലയാളത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥർക്കും, മികച്ച ഭാഷാമാറ്റപുരോഗതി കൈവരിക്കുന്ന ജില്ലയ്ക്കും വകുപ്പിനും ഭരണഭാഷാപുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഭരണഭാഷാ വ്യാപനത്തിന്റെ പ്രാധാന്യം ഉദ്ബോധിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ഭരണഭാഷാവബോധപരിപാടി സംഘടിപ്പിച്ചു വരുന്നു.<br>ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്നതിനു സഹായകമായ രീതിയിൽ 'ഭരണമലയാളം' എന്ന പേരിൽ ഔദ്യോഗികഭാഷാവകുപ്പ് ഒരു |

| | | | |
|---|---|---|---|
| | | | ഓൺലൈൻ നിഘണ്ടു തയ്യാറാക്കിയിട്ടുണ്ട്. ഭരണഭാഷ സംബന്ധിച്ച 'ഭരണമലയാളം' മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ട്. ഭരണഭാഷ മലയാളമായി ഉപയോഗിക്കുന്നതിന് സഹായകമായ രീതിയിൽ 'ഭരണഭാഷാ പഠനപദ്ധതി' എന്ന പുസ്തകം പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ ദ്വിഭാഷാരീതിയിലായിരിക്കണമെന്ന് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും അതത് പി.എസ്.സി.കൾ തൊഴിൽ പരീക്ഷ നടത്തുന്നത് ആ സംസ്ഥാനങ്ങളിലെ മാതൃഭാഷയിലും ഭാഷാ ന്യൂനപക്ഷങ്ങൾക്ക് വേണ്ടി ഇംഗ്ലീഷിലുമാണെന്നിരിക്കെ കേരളത്തിൽ മാത്രം പി.എസ്.സി പരീക്ഷകൾ ഇംഗ്ലീഷിൽ നടത്തുന്നതിന്റെ കാര്യകാരണങ്ങൾ അറിയിക്കുമോ ; | (ബി) & (ഡി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ എല്ലാ പരീക്ഷകളും ഇംഗ്ലീഷ് മാധ്യമത്തിൽ അല്ല നടത്തുന്നത്. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ അപേക്ഷകരായിട്ടുള്ള എൽ.ജി.എസ്, എൽ ഡി സി എന്നീ തസ്തികകളിലേയ്ക്കുള്ള പരീക്ഷകളും 10-ാം ക്ലാസ് വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള എല്ലാ പരീക്ഷകളും മലയാളം/തമിഴ്/കന്നഡ മാധ്യമത്തിലാണ് നടത്തുന്നത്. കൂടാതെ പ്ലസ് ടു അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള പരീക്ഷകളും മലയാളം/തമിഴ്/കന്നഡ മാധ്യമത്തിൽ നടത്തുവാൻ തീരുമാനമായിട്ടുണ്ട്. സാങ്കേതിക/പ്രൊഫഷണൽ വിദ്യാഭ്യാസയോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള തസ്തികകൾക്കും ബിരുദം വിദ്യാഭ്യാസയോഗ്യതയായിട്ടുള്ള തസ്തികകൾക്കുമാണ് ഇംഗ്ലീഷ് മാധ്യമത്തിൽ നിലവിൽ പരീക്ഷകൾ നടത്തുന്നത്. അവയിൽ കൂടി മലയാളത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി പരീക്ഷ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കമ്മീഷന്റെ പരിഗണനയിലാണ്. |
| (ഡി) | മലയാള മാധ്യമത്തിൽ പരീക്ഷ നടത്തിയും ഇംഗ്ലീഷിലുള്ള അറിവ് പരിശോധിക്കുന്നതിന് അതിനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയും പരീക്ഷാ സംവിധാനം പരിഷ്കരിക്കുമോയെന്ന് വിശദമാക്കാമോ ? | | |
| (സി) | ദരിദ്രരും സാധാരണക്കാരുമായ മലയാളികളാണ് പി.എസ്.സി. യുടെ ഭാഷാവിവേചനത്തിലൂടെ പുറത്താക്കപ്പെടുന്നത് എന്ന യാഥാർത്ഥ്യം പരിശോധിച്ചിട്ടുണ്ടോ ; | (സി) | ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**